
അ...
ഉ...
F
വാക്ക്
ഇ മാഗസിൻ 2019
ജി.എച്ച്.എസ്.എസ്.പാലയാട്

# വാക്കിന്റെ വഴി

വാക്കിന് ചൂടും ചൂരുമുണ്ട്.

ചിലപ്പോൾ അത് കനൽ പോലെ പൊള്ളിക്കും,

മഞ്ഞുപോലെ കുളിരു കോരിക്കും,

മഴയായി പെയ്തൊഴിയും,

കാറ്റായി തലോടും.......

വാക്കിന്റെ ആഴങ്ങളിൽ മുങ്ങാകുഴിയിട്ട്

പെറുക്കിയെടുക്കുന്ന നിറമുള്ളചിപ്പികൾ..

വാക്കിന്റെ കുതിരപ്പുറമേറിയുള്ള സഞ്ചാരം......

അതേ..... വായനയുടെ വഴികൾ അവസാനിക്കുന്നില്ല.

മരണത്തോളം വാക്കുകൾ കൂട്ടുപോരും.

ഇവിടെ പുതിയ കാലത്തോടോപ്പം ഞങ്ങൾ

വാക്കുകളെ ചേർത്തു വെക്കുന്നു.

സ്വപ്നങ്ങളും,നിറങ്ങളും ,ആശകളും,ഭാവനയും

ഡിജിറ്റൽ രൂപത്തിൽ പെറുക്കിയടുക്കിവെക്കുന്നു.

ഞങ്ങളുടെ പരിശ്രമത്തിന്റെ മഴവിൽ മുനകൾ

കൊണ്ട് കോറിയിട്ട "വാക്ക്" സാഭിമാനം

സമർപ്പിക്കുന്നു.

# Table of Contents

വാക്കിന്റെ വഴി....2
സന്ദേശം....4
ജി.എച്ച്.എസ്.എസ്.പാലയാട് ലിറ്റിൽ കൈറ്റ് അംഗങ്ങൾ....5
വിദ്യാലയത്തിന്റെ ലഘുചരിത്രം....6
ദൈവത്താറീശ്വരന്റെ നാട്ടിൽ....7
വഴിവിളക്ക്....10
മഴയത്ത്....11
MOTHER....12
കമ്പ്യൂട്ടറിലെ പ്രായോഗിക പാഠശാല....13
വാർധക്യം....17
कुदरत....18
*മാഞ്ഞു പോയ ഓർമകൾ....19*
എന്റെ വിദ്യാലയം....20
ഒറ്റയ്ക്കാണ ഞാൻ....21
ഉദയസൂര്യന്റെ നാട്ടിലേക്ക്....22
നൂല് പൊട്ടിയ പട്ടം....23
....*24*
*കണ്ണാടി*....24
ക്കൂട്ടുകാർ....25
വെളിച്ചത്തിലേക്ക്....26
സൈലന്റ് വാലിയിലൂടെ....27
അമ്മ....28
ഒരുമയ്ക്ക് ഫലം അതിജീവനം....30
വായുവിലലിഞ്ഞ ആ വിളി....32

# സന്ദേശം



മധുരമൂറുന്ന "വാക്കുകൾ"കൊണ്ട് നൂതന സൃഷ്ടികൾ രചിക്കാൻ കഴിവുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.ഗവ:ഹയർ സെക്കന്ററിസ്കൂൾ പാലയാടിന്റെ ചരിത്രത്തിലെ ഒരു നാഴിക കല്ലായി ശോഭിക്കാൻ ഈ ഡിജിറ്റൽ സംരഭത്തിന് സാധിക്കുമെന്നതിൽ സംശയമില്ല.ഇതിന്റെ പിന്നിന്റെ പ്രവർത്തിച്ച കൊച്ചു പട്ടങ്ങളെയും , പട്ടങ്ങളെ നിയന്ത്രിച്ച കൈകളേയും അഭിനന്ദിച്ചു കൊള്ളുന്നു.

ഗീത .വി

ഹെഡ്മിസ്ട്രസ് .

# ജി.എച്ച്.എസ്.എസ്.പാലയാട് ലിറ്റിൽ കൈറ്റ് അംഗങ്ങൾ



# വിദ്യാലയത്തിന്റെ ലഘുചരിത്രം

1962 ലാണ് പാലയാട് ഗവഃ ഹൈസ്കൂൾ സ്ഥാപിതമായത്. ഭൂപ്രകൃതി കൊണ്ട് ഒരു ദ്വീപായ ധർമ്മടം ഇതിന് മുൻപ് തന്നെ വിദ്യാഭ്യാസ രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഒന്നര നൂറ്റാണ്ട് മുൻപ് തന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസവും ജീവിത രീതിയും ഇവിടെ പരിചിതമായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ ഒരു എലിമെന്ററി സ്കൂൾ ഉൾപ്പെടെ 14 വിദ്യാലയങ്ങൾ നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. 1947 ൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലക്ക് അനുവദിച്ച 2 ബേസിക്ക് ട്രെയിനിങ് സ്കൂളുകളിൽ 1 പാലയാടാണ് സ്ഥാപിതമായത്. 1958 ലാണ് തലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന ഗവഃ ബ്രണ്ണൻ കോളേജ് ധർമ്മടത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടത് . എന്നാൽ അപ്പോഴും ഒരു സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനം ധർമ്മടത്ത് ഉണ്ടായിരുന്നില്ല .ഇല്ലിക്കുന്നിൽ പ്രവർത്തിച്ചിരുന്ന തലശ്ശേരി മുനിസിപ്പൽ ഹൈസ്കൂളിനെയാണ് ധർമ്മടത്തുകാർ ആശ്രയിച്ചിരുന്നത്. എന്നാൽ 1960 ൽ മുനിസിപ്പൽ ഹൈസ്കൂൾ ചിറക്കരയിലേക്ക് മാറ്റി സ്ഥാപിച്ചതോടെ ധർമ്മടം , മുഴപ്പിലങ്ങാട് , പിണറായി ,എരഞ്ഞോളി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സെക്കന്ററി വിദ്യാഭ്യാസത്തിന് പ്രയാസമുണ്ടായി.

ഈ സാഹചര്യത്തിലാണ് ധർമ്മടത്തെ രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസ രംഗത്തെ പൊതുപ്രവർത്തകർ ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചത്. പാലയാട് ട്രെയിനിങ് സ്കൂളിൽ വിപുലമായ യോഗം ചേരുകയുണ്ടായി. പയ്യനാടൻ കുഞ്ഞിക്കണ്ണൻ പ്രസിഡന്റും കോലാരത്ത് കുമാരൻ വൈസ് പ്രസിഡന്റും, അരയാക്കണ്ടി അച്യുതൻ , എം പി ബാലകൃഷ്ണൻ എന്നിവർ സെക്രട്ടറിമാരും വി അനന്തൻ ഖജാൻജിയുമായി 11 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. തലശ്ശേരി എം. എൽ. എ. യും ഇ. എം. എസ്. മന്ത്രി സഭയിലെ നിയമ വകുപ്പ് മന്ത്രിയുമായിരുന്ന ജസ്റ്റിസ് വി. ആർ.കൃഷ്ണയ്യരുടെ ഇടപെടലുകളും നേതൃത്വ പരമായ പങ്കും പാലയാട് ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് പിന്നിൽ പ്രധാനമായിരുന്നു. ഗവഃ ബേസിക്ക് ട്രെയിനിംഗ് സ്കൂളിന്റെ മോഡൽ യു . പി. വിഭാഗം സെക്കന്ററി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുകയാണ് ഉണ്ടായത്. ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന പി വി മാധവൻ നമ്പ്യാർക്കായിരുന്നു സെക്കന്ററി സ്കൂളിന്റേയും ഹെഡ്മാസ്റ്റർ ചുമതല.

ബേസിക്ക് ട്രെയിനിംഗ് സ്കൂളിന് മോഡൽ യു .പി. വിഭാഗം അനിവാര്യമായതിനാൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടെങ്കിലും പുതിയ 8ാം ക്ലാസ് മാത്രം ഉൾപ്പെടുത്തി സെക്കന്ററി സ്കൂൾ എന്ന പ്രത്യേക സ്ഥാപനമായാണ് പരിഗണിക്കപ്പെട്ടത്. സാധാരണ തൊഴിലാളികളായ നാട്ടുകാരുടേയും ഉദാര മതികളുടേയും സഹായത്തോടെ 7 ക്ലാസ്സ് മുറികളുള്ള ഒരു താത്കാലിക ഷെഡിലാണ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത് . ഷെഡിന്റെ ശിലാസ്ഥാപനവും സെക്കന്ററി സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനവും നിർവഹിച്ചത് അന്നത്തെ കേരള ഗവർണർ വി. വി. ഗിരി ആയിരുന്നു. 232 വിദ്യാർത്ഥികളുമായാണ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത്.ധർമ്മടം മീത്തലെ പീടികയിൽ പ്രവർത്തിച്ചിരുന്ന മോഡേൺ വുഡ് ക്രാഫ്റ്റ് ഉടമയും വിദ്യാഭ്യാസ തൽപരനുമായിരുന്ന സി. ജെ. റവൽ ആണ് 3 ക്ലാസ്സുകളിലേക്ക് ആവശ്യവായ മുഴുവൻ ഫർണിച്ചറും സംഭാവനയായി നൽകിയത്. കുമാരി എ. സി മാലതി ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്.

തലശ്ശേരി എം.എൽ.എ യും കേരള മുഖ്യമന്ത്രിയുമായ ഇ കെ നായനാർ നേതൃത്വം നൽകിയ ഗവൺമെന്റാണ് ഈ സ്ഥാപനത്തെ 1997 ൽ ഹയർസെക്കന്ററി ആയി അപ്ഗ്രേഡ് ചെയ്തത് . ഇന്ന് 700 ൽ അധികം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ട്.

# ദൈവത്താറീശ്വരന്റെ നാട്ടിൽ



*എല്ലാ ഉത്സവങ്ങളും ലഹരിയാണ് എന്നാൽ ഒരു നാട് മുഴുവൻ ജാതി മത രാഷ്ട്രീയ ഭേതമന്യേ വ്രതശുദ്ധിയുടെ ഒരു ഉത്സവക്കാലത്തെ നെഞ്ചേറ്റുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ.. ഇല്ലെങ്കിൽ ജീവിതത്തിൽ എരിക്കലെങ്കിലും അണ്ടലൂർ ദേശത്ത് വരണം,അണ്ടലൂർ ഉത്സവം കൂടണം...പിന്നീട് എപ്പോഴും ഒരു കാന്തം പോലെ ഈ ഉത്സവകാലം നിങ്ങളെ ഇവിടെക്ക് ആകർഷിക്കുമെന്നുറപ്പാണ്...നാല് ദേശക്കാർക്ക് പറയാനുള്ള ഒരു ഉത്സവലഹരിയുടെ കഥ.....ഇങ്ങ് വടക്ക് അറബിക്കടലിന്റെ ലാളനയേറ്റ് കിടക്കുന്ന തലശ്ശേരിയിൽ നിന്നും 8 കിലോ മീറ്റർ വടക്ക് മാറി മൂന്ന് ഭാഗവും പുഴകളാൽ ചുറ്റപ്പെട്ട് ആണ്ടവൻ വില്ലൂന്നിയ അണ്ടലൂർ എന്നൊരു ദേശമുണ്ട്....ഇവിടെയാണ് കേരളത്തിലെ പ്രസിദ്ധ രാമക്ഷേത്രമായ അണ്ടലൂർക്കാവ് സ്ഥതിചെയ്യുന്നത് ധർമ്മടം,പാലയാട്,മേലൂർ,അണ്ടലൂർ എന്നിങ്ങനെ നാല് ദേശക്കാരുടെ ദേശീയ ഉത്സവമാണ് അണ്ടലൂർക്കാവിലേത് ഒരു നാട് മുഴുവൻ വ്രതമെടുത്ത് ഉത്സവക്കാലത്തെ നെഞ്ചിലേറ്റുന്നു....ജാതി മത രാഷ്ട്രീയ ഭേദമില്ലാതെ ഒരു ജനത മുഴുവൻ മത്സ്യമാംസാദികളും മദ്യവും വർജ്ജിച്ചും ഉത്സവം ആഘോഷിക്കുകയാണ് ഇവിടെ.എഴ് ദിനരാത്രങ്ങൾ നീണ്ടുനിൽക്കുന്ന ഈ ആഘോഷമാണ് ഇവിടുത്തുകാർക്കു ലഹരി.നാട് വിട്ട് അന്യദേശങ്ങളിലേക്കു ചേക്കേറിയവരോടെല്ലാം എന്നാണ് നാട്ടിലേക്ക് എന്ന ചോദ്യത്തി ന്റെ ഉത്തരമേയുള്ളു അണ്ടലൂർക്കാവിലെ തെയ്യത്തിന് എന്ന്...അത്രമേൽ ഒരു ജനതയയുടെ ജീവിതരീതിയിൽ അലിഞ്ഞുചേർന്നുപോയി ഈ കാവും തെയ്യക്കാലവും.ഭഗവാൻ ശ്രീരാമൻ സ്വയം ഇവിടെ ദൈവത്താർഈശ്വരനാകുന്ന*


എന്നാണ് സങ്കൽപം.ഭൂരിപക്ഷം കാവുകളിലും ശിവഭൂതഗണങ്ങൾ ദൈവങ്ങളാകുമ്പോൾ ഇവിടെ രാമായണമാണ് ഇതിവൃത്തം.ഉത്തരകേരളത്തിലെ അതിപുരാതന ക്ഷേത്രങ്ങളിൽ ഒന്നായ അണ്ടലൂർക്കാവിന്റെ ചരിത്രത്തിനു പിന്നിൽ നിരവധി കഥകൾ പറഞ്ഞു കേൾക്കുന്നു..പന്ത്രണ്ടാംനൂറ്റാണ്ടിനു മുൻപ് ഇത് ഒരു ബുദ്ധസങ്കേതം ആയിരുന്നെന്നും അതിനാൽ ബുദ്ധമതത്തിന്റെ ആരാധനകൾ ആണ് ഉള്ളതെന്നും വിശ്വസിക്കുന്നവർ ഉണ്ട്...അതുപോലെ അണ്ടലൂർക്കാവ് ഒരു കാവാകുന്നതിനു മുൻപ് അവിടം ഒരു ഭരണസിരാകേന്ദ്രം ആയിരുന്നു എന്നും,ആണ്ടവൻ എന്നാൽ ഭരിക്കുന്നവൻ എന്ന അർഥത്തിൽ ആണ്ടവന്റെ ഊര്,അണ്ടലൂർ ആയെന്നും പറയപ്പെടുന്നുണ്ട്..എന്നാൽ ഏറ്റവും പ്രചാരത്തിൽ ഉള്ളതും ക്ഷേത്ര ആചാരങ്ങളുമായി ഏറ്റവും കൂടുതൽ ഇഴുകിചേരുന്നു-ന്നുമായ വിശ്വാസം രാമായണ ഇതിവൃത്തം തന്നെ.. സീതാസ്വയംവരത്തിൽ ഭഗവാൻ ശ്രീരാമൻ ത്രയംബകംവില്ലൊടിച്ചപ്പോൾ അതിന്റെ ഒരു ഭാഗം ഇവിടെ വന്നു വീണു വെന്നും വീണിടത്തു മൂന്നു ചൈതന്യങ്ങൾ ഉണ്ടാവുകയും നാരദമുനി യുടെ നിർദേശപ്രകാരം സാക്ഷാൽ പരശുരാമൻ മൂന്നുമൂർത്തികളെ പ്രതിഷ്ഠിക്കുക യുമാണ് ഉണ്ടായതെന്ന് പറയപ്പെടുന്നു.ദൈവത്താർ,സീതാദേവി,ബപ്പൂരൻ എന്നി ങ്ങനെ ആയിരുന്നു പ്രതിഷ്ഠാമൂർത്തികൾ.മാത്രമല്ല ആണ്ടവൻ വില്ലൂന്നിയ ഊരായ തിനാൽ കാലക്രമേണ ഈ നാട് അണ്ടലൂർ എന്ന് അറിയപ്പെടുകയും ചെയ്തു എന്ന് വിശ്വസിക്കപ്പെടുന്നു ക്ഷേത്രത്തിൽ നിന്നും ഏകദേശം 200 മീറ്റർ വടക്കുമാറി മൂല സ്ഥാനമായ താഴെക്കാവ് സ്ഥിതിചെയ്യുന്നു..മേലെക്കാവ് അയോദ്ധ്യ ആണെന്നും താഴെക്കാവ് ലങ്ക ആണെന്നുമാണ് വിശ്വാസം.പ്രധാന ശ്രീകോവിൽ ആരാധനാ മൂർത്തി സാക്ഷാൽ ഭഗവാൻ ശ്രീരാമൻ ആണ്.പ്രത്യേകിച്ച് രൂപത്തിൽ ആഞ്ജനേ യനും ഇവിടെ പ്രതിഷ്ഠ ഉണ്ട്.താഴെക്കാവിൽ സീതാദേവിയെയും ആരാധിക്കുന്നു. മരങ്ങളും വള്ളിപ്പടർപ്പുകളും ഒന്നുചേർന്ന് ഒരു കുഞ്ഞ് അശോകവനം പോലെ തന്നെയാണ് താഴെക്കാവ് നിലകൊള്ളുന്നത്.മകരക്കുളിർ മെല്ലെ വഴിമാറി കുംഭം പിറക്കുമ്പോൾ അണ്ടലൂർ ഉത്സവത്തിന് തുടക്കമായി...കുംഭം 1 മുതൽ 7 വരെ യുള്ള ദിവസങ്ങളിലണ് ഒരു നാടിനെ മുഴുവൻ ആവേശത്തിലാഴ്ത്തുന്ന ഉത്സവ കാലം..ചരിത്രപ്രാധാന്യകൊണ്ട് മാത്രമല്ല ആചാരങ്ങളിലെ വ്യത്യസ്തതയും അണ്ട ലൂർക്കാവിന് ചരിത്രത്തിൽ ഒരു ഇടം നേടിക്കൊടുത്തു..കുംഭം പിറക്കുമ്പോഴേക്കും നാട് ഒരുങ്ങുകയായി..വീടുകൾ പുതിയ ചായമണിഞ്ഞു നിൽക്കുന്നു,ചുറ്റുപാടും വൃത്തിയാക്കിയ ശേഷം മുറ്റം ചാണകം തളിച്ച് ശുദ്ധിവരുത്തുന്നു ..പിന്നീട

*ങ്ങോട്ട് വ്രതകാലം ആരംഭിക്കുകയായി,മത്സ്യമംസാദികളും മദ്യവും ഒരു നാട് ഉത്സവകാലങ്ങളിൽ പടിക്കുപുറത്ത് നിർത്തുന്നു..മീൻചന്തകൾ പോലും വൃത്തി യാക്കി അടച്ചിടുന്നു .. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനും അപ്പുറം ഒരു ജനത ഇവിടെ ഒന്നുചേരുന്ന അപൂർവ്വമായ കാഴ്ച്ച..ഒരു അവധിക്കാലം വന്നെത്തുന്ന പ്രതീതിയാണ് ഈ ഉത്സവനാളുകൾ തരുന്നത്..ജോലി തേടി പോയവരെല്ലാം കൂടുതേടിയെത്തുന്ന ദിവസൾ ..ദൂരദേശങ്ങളിലുള്ള ബന്ധുമിത്രാതികളെല്ലാം വ്രത മെടുത്ത ഉത്സവത്തിന്റെ ഭാഗമാകാൻഎത്തുന്നു..വ്രതമെടുത്ത പുരുഷജനങ്ങൾക്ക് ഇളനീരും ചക്കകൊത്തിനുശേഷം ലഭിച്ച ചക്കയും ചെറുപയറ് വേവിച്ചതും നൽകി ക്കൊണ്ട് നടത്തുന്ന ചടങ്ങാണിത്.. പിന്നീട് രാത്രി കുടവരവിന് ശേഷമാണ് ഇവർ അരിഭക്ഷണം കഴിക്കുന്നത്.പിറ്റേദിവസം ദേവീദേവൻമാർ അരങ്ങിലേക്ക്. അതിരാളനും മക്കളും(സീതയും മക്കളും),ബാലി,സുഗ്രീവൻ,ബപ്പൂരൻ ( ഹനുമാൻ ) അങ്കക്കാരൻ ( ലക്ഷമണൻ ),ഉവക്കാലി,നാഗകണ്ടൻ,നാഗഭഗവതി,വേട്ടക്കൊരു മകൻ,പൂതുചേകവൻ തുടങ്ങിയ നിരവധി തെയ്യങ്ങൾ..പിന്നീട് സന്ധ്യയോടെ പ്രധാന തെയ്യങ്ങൾ കെട്ടിയാടുന്നു.അച്ഛൻമാരോടൊപ്പം,ലങ്കയിൽ സീതാദേവിയെ കണ്ടവിവരം  ബപ്പൂരൻ അറിയിക്കുന്നത്,ദൈവത്താറുടെ കൂടെ തുടങ്ങി വ്രതശുദ്ധി യെടുത്ത പുരുഷൻമാർ തോർത്തും ബനിയനും ഇട്ട് മെയ്യാലിന് ഇറങ്ങുന്നു..മെയ്യാ ലിനു ശേഷം താഴെക്കാവിലേക്ക് സീതാദേവിയെ രക്ഷിക്കാൻ,പിന്നീട് വിവിധ ആട്ടങ്ങൾ..ഇതുപോലെ നാല് ദിവസത്തിനുശേഷം ഏഴാം ദിവസം ആകുന്നു അന്ന് ദൈവത്താറീശ്വരൻ മുടിയഴിക്കുന്നതോടെ മുക്കവർ മത്സ്യവും ആയി ദേശ ത്തേക്ക് വരും.അതോടെ ആ വർഷത്തെ വ്രതശുദ്ധിയുടെ നാളുകൾ കഴിഞ്ഞു. അണ്ടലൂർ ഉത്സവത്തിന്റെ അരവങ്ങളും ആഘോഷങ്ങളും അരങ്ങൊഴിഞ്ഞു..*

*സിദ്ധാർഥ്.എൻ*



# വഴിവിളക്ക്



*വഴിവിളക്ക് മിന്നിത്തുടങ്ങി*

*രാത്രിയായി... നിലാവുമാഞ്ഞു*

*മഴ കോരിച്ചൊരിഞ്ഞു......*

*കാട്ടാളന്മാരെപ്പോലെ ചിലർ വന്നൊരാളെ*

*വെട്ടിമുറിച്ചിട്ട്  പോയിക്കളഞ്ഞു*

*ആ മരണത്തിന്  വഴിവിളക്കു സാക്ഷിയാക്കി*

*സൂര്യനുദിച്ചു.......*

*വഴിവിളക്ക്  അണഞ്ഞു*

*രാവിലെ നാട്ടുകാർ ഞെട്ടിയുണർന്നു*

*വഴിവിളക്ക് മിന്നിത്തുടങ്ങിരാത്രിയായി പകലായ്....*

*ആ കാലം മാഞ്ഞുപോയി*

*പുതുവർഷം വന്നു*

*വഴിവിളക്കിൻ ചോട്ടിലിരുന്ന്*

*തുമ്പ മുളച്ചു*

*തുമ്പ പറിക്കാൻ കുട്ടികൾ വന്നു*

*ഓണം കഴിഞ്ഞു*

*വഴിവിളക്ക് മിന്നിത്തുടങ്ങി*

*രാത്രിയായി... പകലായ്*

*കൊന്നമരം പൂത്തു നിന്നു*

*വഴിവിളക്ക് മിന്നി*

<u>നിവേദിത  പി  രാജീവൻ</u>

# മഴയത്ത്.....

-നന്ദന ഷൈജു



ഉത്സവം കഴിഞ്ഞ ഉത്സവപ്പറമ്പിലൂടെ നടന്നിട്ടുണ്ടോ? ഉത്സവത്തിന്റെ അവശിഷ്ടങ്ങളും ഓർമ്മയും സന്തോഷവുമെല്ലാം അവിടങ്ങളിലുണ്ടാകും.അതുപോലെ തന്നെയാണ് മഴ പെയ്ത് കഴിഞ്ഞ പ്രകൃതിയും.മഴയുടെ സന്തോഷവും അടുത്ത മഴയുടെ പ്രതീക്ഷയും ആ പ്രകൃതിയിലുണ്ടാകും.പറമ്പിലെല്ലാം കൊച്ചു കൊച്ചു ദ്വീപുകൾ!പൂക്കളും മരങ്ങളും പുൽക്കൊടികളുമെല്ലാം ഒരു കുളി കഴിഞ്ഞ് മഴ കഴിഞ്ഞോ എന്ന് ചുറ്റും എത്തിനോക്കുന്നു.... ഉണങ്ങിനിന്നിരുന്ന നിർജീവമായി നിന്നിരുന്ന പുൽക്കൊടികൾക്കെല്ലാം പുതു ജീവൻ ലഭിച്ചിരിക്കുന്നു.ആകാശത്തിലെ മേഘമെല്ലാം തെളിഞ്ഞു വരുന്നുണ്ട്.എന്നാൽ സൂര്യൻ എവിടെയോ പോയ് ഒളിച്ചിരിക്കുന്നു.രാത്രിയാണോ അതോ പകലാണോ എന്ന് തിരിച്ചറിയാൻ സാദിക്കുന്നില്ല.ഹോ! മഴ കഴിഞ്ഞില്ല അപ്പോഴേക്കും കൂട്ടിൽ നിന്നും ഉറുമ്പുകൾ പുറത്തേക്കെത്തി നോക്കുന്നു.ദേ... മഴയിൽ നിന്ന് രക്ഷ നേടിയ പക്ഷികൾ വീണ്ടും തീറ്റതേടി പറക്കുന്നു.തവളകളുടെ ഗാനമേള തുടങ്ങി.അടുത്ത മഴയ്ക്ക് സാധ്യതയുണ്ടോ എന്ന് കരുതിയായിരിക്കും മരക്കൊമ്പിലിരുന്ന കാക്ക എങ്ങോട്ടോ പറന്നു പോയി.മൂളിപ്പാട്ടും മുരണ്ടുകൊണ്ട് തേനീച്ചകളുമെത്തി. മഴയത്ത് ഭ്രാന്തമായി ആഞ്ഞടിച്ച കാറ്റ് ഇപ്പോൾ മന്ദമാരുതനായി പ്രകൃതിയെ തഴുകുകയാണ്.ഇതൊക്കെ ആസ്വദിച്ച് നടക്കുകയായിരുന്ന എന്റെ ദേഹത്തേക്ക് പെട്ടെന്ന് ഒരു മഴത്തുള്ളി വീണു.ഞാൻ അതൊന്നും ശ്രദ്ധിക്കാതെ നടക്കുകയായിരുന്നു.അപ്പോൾ ഒരായിരം തുള്ളികൾ എന്റെ ദേഹത്ത് വന്നു തറിച്ചു.ഞാൻ മുറ്റത്തുനിന്ന് വീട്ടിലേക്കോടി.

ഓടിന്റെ വിടവുകളിൽ നിന്നും മുറ്റത്തേക്ക് ഒരു നീർച്ചാൽ ഒഴുകുന്നുണ്ടായിരുന്നു.

## MOTHER




Mother who always helps
When we are in need
Mother who always supports
when we are down
mother who always comforts
when we are sad
mother who always prays
when we are in trouble
thank you god for this wonder creation
the embodiment of love

FATHIMA RASHA

# കമ്പ്യൂട്ടറിലെ പ്രായോഗിക പാഠശാല


സാങ്കേതികവിദ്യയുടെ അദ്ഭുതയുഗത്തിലാണ് നാം ജീവിക്കുന്നത്.അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനൊപ്പം മനുഷ്യപുരോഗതിയുടെ സാക്ഷ്യപത്രമായി സാങ്കേതികരംഗത്ത് കുതിപ്പു തുടരുന്നു.പഠനത്തിനും മറ്റു വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും മാറ്റുകൂട്ടാൻ വിവരസാങ്കേതികവിദ്യയുടെ നിരവധി സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

സായന്ത് പി കെ


علامہ اقبال
منزل سے آگے بڑھ کر منزل تلاش کر
مل جائے تجھکو دریا تو سمندر تلاش کر
ہر شیشہ ٹوٹ جاتا ہے پتھر کی چوٹ سے
پتھر ہی ٹوٹ جائے وہ شیشہ تلاش کر
سجدوں سے تیرے کیاہوا صدیاں گزر گئیں
دنیا تیری بدل دے وہ سجدہ تلاش کر
ایمان تیرا لٹ گیا رہزن کے ہاتھوں سے
ایماں تیرا بچا لے وہ رہبر تلاش کر
ہر شخص جل رہاہے عداوت کی آگ میں
اس آگ کو بجھادے وہ پانی تلاش کر
کرے سوار اونٹ پہ اپنے غلام کو
پیدل ہی خود چلے جو وہ آقا تلاش کر
Great fun for you

# വാർധക്യം

*വാർധക്യം എന്ന അവസ്ഥയിൽ മറ്റ ഘട്ടങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ, പ്രകടമായ മാറ്റങ്ങൾ സംഭവിക്കുന്നു. വാർധക്യകാലത്തെ ശാരീരിക പ്രത്യേകതകൾ എന്തെല്ലാമാണ്?*



- കോശവിഭജന നിരക്ക് കുറയുന്നു.
- കോശത്തിലെക്കുള്ള ഓക്സിജന്റെ ലഭ്യത കുറയുന്നു.
- കോശങ്ങൾ കൂടുതലായി നശിക്കുന്നു.
- പേശികളിൽ ശുഷ്കിക്കുന്നു.
- ഊർജോൽപാദനം കുറയുന്നു.
- ഇന്ദ്രിയങ്ങളുടെ കാര്യക്ഷമത കുറയുന്നു.

പ്രായമായവരെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്

മാനസ കെ വി

# कुदरत

कुदरत   कितना सुंदर है
कुदरत कितना प्यारा है
दुनिया में हरियाली फैलाते
सबको छाया देती है।
हमारा अपना पेड- पौधे
कितना अजीब है  सब
जहाँ देखो वहाँ हरियाली
कुदरत है ईश्वर की वरदान



होता है अब कुदरत का नाश
धरती जलता जाता है
आओ सब मिलकर आओ
बचाओ अपनी धरती को।

प्रश्या  -प्रमोद

# മാഞ്ഞു പോയ ഓർമകൾ



ഒരു മഷിതുണ്ടിലെ മഷികൾ
മാഞ്ഞേപ്പോയി
വാർമഴവില്ലിൻ ഏഴുവർണ്ണങ്ങൾ
അലിഞ്ഞേപ്പോയി.
ആത്മാർത്ത ബന്ധങ്ങൾ വീണടയുന്നു.
പുൽമേടുകൾ മാറഞ്ഞേപ്പോയി
കടലിൻ ആർത്തടിക്കും തിരമാലകൾ
മാഞ്ഞുമറഞ്ഞേപ്പോയി
കാർമുകിൽ വർണ്ണന്റെ
കാർമേഘം മറഞ്ഞേപ്പോയി
മയിലിൻ നൃത്തം നിലച്ചേപ്പോയി.
എന്നും രാവിലെ ഉണർത്തുന്ന
സൂര്യകിരണങ്ങൾ മറഞ്ഞേപ്പോയി.
എന്നും തലോടുന്ന പാതിരകാറ്റില്ല,
നിലാവില്ല എല്ലാം മറഞ്ഞേപ്പോയി .

മഴയില്ല,മലയില്ല,കാറ്റില്ല,കടലില്ല
കനിവിനു കാവലായ് കവിതമാത്രം.
ഇന്നി മലയാളമണ്ണിനു താങ്ങായി
കലയുടെ പുതുനാമ്പുകൾ മാത്രം.

ഹിബ ഫാത്തിമ പി.

# എന്റെ വിദ്യാലയം

മഴപെയ്തിറങ്ങി. കുട്ടികൾ പുതിയ പാഠപുസ്തകവും, പുത്തൻബാഗും, കുടയും, ഭക്ഷണവും, പുത്തൻ യൂണിഫോമും അണിഞ്ഞ് സ്കൂളിൽ പോകാൻ തയ്യാറായി.പുതിയ കൂട്ടുക്കാരുടെ പേരും വിവരങ്ങളും തിരക്കുകയാണ് കുട്ടികൾ. ടീച്ചർമാർ സ്കൂൾ തുറപ്പിന്റെ ആദ്യ ദിവസമായത് കൊണ്ട് ഉദ്ഘാടനത്തിന്റെയും മറ്റും തിരക്കിലാണ്. ഉദ്ഘാടനം കഴിഞ്ഞ് കുട്ടികൾ ക്ലാസിലേക്ക് മടങ്ങി. ടീച്ചർ ക്ലാസിൽ വന്ന് കുട്ടികളുടെ പേരു-വിവരങ്ങൾ തിരക്കി. പുതിയസ്തകം തുറന്നപ്പോൾ ആ മണം കാറ്റിലലിഞ്ഞു ചേർന്നു.

ഉച്ചകഴിഞ്ഞ് സ്കൂൾ ലഞ്ച് ബ്രേക്കിന് വിട്ടു. എല്ലാവരോടും നാളെ കാണാം എന്ന് പറഞ്ഞ് കുട്ടികൾ വീട്ടിലേക്ക് മടങ്ങി.

# ഒറ്റയ്ക്കാണ് ഞാൻ

ഒറ്റയ്ക്കിരുന്നു ഞാൻ ചിന്തിച്ചു
കൂട്ടിനായാരും എനിക്കില്ല.
അമ്മയും അച്ഛനും എനിക്കില്ല
കൂടപിറപ്പുകൾ എനിക്കില്ല
ഈ പുഴയെന്നെ വിട്ടിട്ടു പോയില്ലെ
രാവില്ല,പകലില്ല
കണ്ണീർക്കടൽ മാത്രം
ഈ ഭൂമിയിൽ എനിക്കാരുമില്ല
കൂട്ടിനായ് വന്ന കിഞ്ഞികിളിയും
കൊഞ്ചി കെഞ്ചി പോയില്ല
എത്ര നാളിങ്ങനെ ഞാൻ ജീവിക്കും
കാർമേഘമേ കൂട്ടിനായ് വരുമോ
ഒറ്റയ്ക്കാണു ഞാൻ ഈ ഭൂമിയിൽ.

നിവേദിത പി.

# ഉദയസൂര്യന്റെ നാട്ടിലേക്ക്........

യാത്ര.യാത്ര ഇഷ്ടപ്പെടാത്തവരായി ആരും തന്നെയില്ല. ഇടതൂർന്ന വനങ്ങളിലൂടെ, മലഞ്ചെരിവുകളിലൂടെ, പുഴയോരങ്ങളിലൂടെ മന്ദമാരുതന്റെ ഇളം തൂവൽ സ്പർശമേറ്റ് യാത്ര അത് തുടർന്നു കൊണ്ടിരിക്കുന്നു. യാത്ര യാത്രികനെ മാത്രം ആസ്വദിപ്പിക്കുന്നതല്ല. യാത്രാവിവരണങ്ങൾ കേൾക്കാൻ ഇഷ്ടപ്പെടുന്നവരും ഏറെയുണ്ട്. ഇത്തരത്തിൽ മനസ്സിനെ രസിപ്പിക്കുന്ന കണ്ണുകളെ വിസ്മരിപ്പിക്കുന്ന ഏറെ യാത്രകൾ എന്റ ജീവിതത്തിലും ഉണ്ടായിട്ടുണ്ട്. വിവേകാനന്ദപ്പാറയിലേക്കുള്ള യാത്ര. എന്റെ ഈ യാത്രയിലെ കാഴ്ച്ചകൾ ആകാശത്ത് വട്ടമിട്ടുപറക്കുന്ന പറവകളും ഒരുപക്ഷെ ദേവതകൾ പോലും ഉറ്റുനോക്കിയിട്ടുണ്ടാവണം. ഉണർന്ന സൂര്യപ്രഭയിൽ ആർത്തലയ്ക്കുന്ന തിരമാലയ്ക്ക് നടുവിൽ തലയുയർത്തി നിൽക്കുന്ന ആ നവോത്ഥാന നായകൻ ആർക്കും ഒരു മാതൃക തന്നെ. സന്ധ്യയിൽ തുടങ്ങിയ യാത്ര അത് പുലർച്ചെ ചെന്നെത്തിയത് ആ സൂര്യോദയത്തിനു മുന്നിൽ. സൂര്യൻ കടലിൽനിന്ന് ഉയർന്നപ്പോൾ ആ ആഹ്ലാദത്തിമിർപ്പിനുമപ്പുറം സൂര്യോദയം കാണാൻ എത്തിയവരുടെ പൂർണശ്രദ്ധയും ആ നവോത്ഥാവിന്റെ തെളിഞ്ഞ കണ്ണുകളിലേക്കായിരുന്നു. ഉയർന്നു പൊങ്ങുന്ന കൂറ്റൻ തിരമാലകൾ വന്ന് പാറകളിലേക്കിടിച്ചപ്പോൾ ഫോട്ടോ എടുക്കുന്നതിനിടെ എന്റെ കൈകളിൽ നിന്നും ഫോൺ വഴുതി വീണു. ആകെ നനഞ്ഞു. അമ്മയുടെ വഴക്കു കിട്ടിയെങ്കിൽ

കൂടി ആ യാത്രയെനിക്ക് ഒരു സവിശേഷ അനുഭവമാണ് സമ്മാനിച്ചത്.
അവിടെ നിന്നും മടങ്ങുമ്പോൾ എന്റെ മനസ്സിൽ ഓർത്തുവയ്ക്കാൻ
എനിക്ക് മറ്റൊരു അനുഭവം കൂടി ലഭിച്ചു.ആ ആർത്തലയ്ക്കുന്ന തിരമാലകളും ആ പ്രതിഭയും. ബസ്സ് സഞ്ചരിക്കുമ്പോൾ അതിനൊപ്പം
വൃക്ഷത്തലപ്പുകളും സൂര്യനും ഓടിമറയുമ്പോൾ എന്റെ മനസ്സും അതിനൊപ്പം സഞ്ചരിച്ചു. ഇനി എവിടേക്കാണെന്റെ യാത്ര എന്ന ആകാംക്ഷയോടെ!

അഞ്ജന - കെ

# നൂല് പൊട്ടിയ പട്ടം

നന്ദന ഷൈജു

'അമ്മേ'.....

അവൻ ഞെട്ടിയുണർന്നു.

'എന്റെ അമ്മ എവിടെ എന്റെ അച്ഛൻ എവിടെ എനിക്കാരുമില്ല'...

അവൻ പൊട്ടിക്കരഞ്ഞു.അവന്റെ കരച്ചിൽ ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കി. ലോകത്തെ നടുക്കിയ മഹാപ്രളയത്തിനു മുന്നിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട അനാഥബാലൻ.മനുഷ്യനെ വിശ്വസിക്കുന്നതിനേക്കാൾ,മണ്ണിനെയും മരത്തെയും കാറ്റിനെയും വിശ്വസിക്കണം എന്നാണ് അവന്റെ അച്ഛൻ അവനെ പഠിപ്പിച്ചത്. എന്നാൽ ഇന്ന് അവനെ ആ മണ്ണും പ്രകൃതിയും തന്നെ ചതിച്ചു.കേരളത്തിലെ പ്രാന്തപ്രദേശത്ത് ജീവിച്ചിരുന്ന അവനെയും അവന്റെ കുടുംബത്തെയുമായിരിക്കും ഒരു പക്ഷെ മഹാപ്രളയവും പേമാരിയും ഏറ്റവുമധികം ബാധിച്ചത്.ആരൊക്കെയോ ചെയ്ത തെറ്റിന് ദുഷ്യഫലങ്ങൾ അനുഭവിക്കുന്നത് ഉടുതുണിക്ക് മറുതുണിയില്ലാത്ത പാവങ്ങൾ........

അവന്റെ കണ്ണുനീർ ചാലുകൾ വറ്റിവരണ്ടു.ഒരു പക്ഷെ വറ്റാത്തകിണറായ കണ്ണു പോലും അവന്റെ കാര്യത്തിൽ മറിച്ചായിരിക്കാം......

കണ്ണുനീർ ചാലും ഉടച്ച് അവൻ എങ്ങോട്ടുന്നില്ലാതെ നടന്നു.

നൂല് പൊട്ടിയ പട്ടം പോലെ.........

# കണ്ണാടി

ആരും കാണാതൊരു മൂലയ്ക്ക്
ചെന്നിരുന്ന എൻ കണ്ണാടി
നീ എന്തിനങ്ങനെ ചെയ്തു ?
ആരുടെ പ്രേരണയ്ക്കു നീ വഴങ്ങി ?
ആരാണു നിന്നെ അങ്ങനെ ചെയ്തത് ?
തെളിനീരരുവിയുടെ തീരങ്ങളിൽ
ഞാൻ മുഖം നോക്കി നിൽക്കുമ്പോൾ
നിന്നെയാണെനിക്കോർമ്മ വരിക
നിന്നെ മാത്രമാണെൻ കണ്ണാടി....



നിരഞ്ജന സതീഷ് കെ.ആർ.

# കൂട്ടുകാർ

കൃഷ്ണപ്രിയ പി വി

എന്റെ പ്രിയക്കൂട്ടുക്കാർ ഇവർ
ഒന്നിച്ച് ഒന്നായിപാറി നടക്കും
ഉുവൽ  പക്ഷികൾ നമ്മൾ
ഒരു യാത്രപോലെ.
എന്റെ  സ്വപ്ന ജാലകം
തുറക്കും ഇവർ....
അഴകിന്റെ കടൽ ഇവർ
ഒരു കിനാവ്  പോലെ
ചക്കരമാവിൻ ചോട്ടിലിരിന്ന്
കഥചൊല്ലി കഥപറഞ്ഞ
കൂട്ടുകാർ  ഇവർ
ഒരു നിമിഷം ചങ്ങാത്തത്തിന്റെ
ചങ്ങല മുറിഞ്ഞു വീഴും
ഒരു നിമിഷം കൊണ്ട് ചങ്ങാത്തത്തിന്റെ
ചങ്ങല ഉണർന്നു
ഒരു ഹൃദയം പോൽ
*സ്നേഹത്തിൽ തീവ്ര നൊമ്പരം..*

# വെളിച്ചത്തിലേക്ക്.....

അരികത്തു പതറുന്ന ചില ജീവിതങ്ങൾ
ഇന്നീ കാലമാം കറുത്ത മുറ്റത്ത്
കരയാൻ വിധിച്ച ചില പ്രാണനുകൾ
ഹേ മനുഷ്യ...എങ്ങോട്ട് പോയ് നിന്റെ മാതൃസ്നേഹം
എങ്ങോട്ട് പോയ് നിന്റെ മനുഷ്യമൂല്യം
മദ്യമാം ലഹരിയിൽ ആറാടി നീ
നീയെന്ന ആത്മാവിനെ മറന്നുപോയോ?
നിനക്കായ് കണ്ണീർ പൊഴിക്കുന്നവർ
നിന്റെ പതനത്തിൽ ദു:ഖിക്കുന്നവർ
അവർ നിനക്ക് വെറുമൊരു
കളിപ്പാവകൾ മാത്രമോ?
നാളത്തെ ലോകം ലഹരിയിലേക്കോ?
നാളതെൻ വാഗ്ദാനങ്ങൾ ഭൂമിക്കു ഭാരമോ ?
ലഹരിതൻ പടുകുഴികൾ നിനക്കായ് തുറക്കുമ്പോൾ
അതിൽ വീഴാതെ കാക്കാൻ നീയുണ്ടാവുക.

*അഞ്ജന കെ.*

# സൈലന്റ് വാലിയിലൂടെ..........



മഴ തിമിർത്ത പ്രഭാതത്തിൽ കുട്ടിസംഘത്തോടൊപ്പം സൈലന്റ് വാലിയാത്ര .മനസ്സിലിന്നും കിടക്കുന്നു.നാനാവിഭാഗത്തിൽപ്പെട്ട വൃക്ഷ ലതാദികൾ തിങ്ങിനിറഞ്ഞ വീഥിയിലൂടെ .......കൊടും കാട്ടിലൂടെ ...... കാടും, മഴയും തമ്മിലുള്ള പ്രണയം ഭീകരവും തീവ്രവുമാണ് . അതേ സമയം കോൾമയിർ കൊള്ളുന്നതുമാണ്. മഴയെ വക വെക്കാതെ , മരങ്ങളുടെ ഓരത്ത് സിംഹവാലൻ കുരങ്ങ്,ഒറ്റയ്ക്കിരുന്ന് എന്തൊക്കെയോ ചിന്തിക്കുന്നു. അവരറിയുന്നില്ലല്ലൊ,തങ്ങളുടെ പേരിലാണ് ഈ ദേശീയോദ്യാനം എന്ന വസ്തുത.പേമാരി പിന്നീട് വഴിമാറി ശാന്തമായി. കാടിന്റെ സൗന്ദര്യം വേറിട്ടതലത്തിലായി.ചിലച്ചുകൊണ്ട് പക്ഷിക്കൂട്ടം മിന്നി മറഞ്ഞു.വൃക്ഷങ്ങളുടെ ഭംഗി ഇത്രയധികം ആകർഷിച്ച വേറൊരു സന്ദർഭവും മനസ്സിൽ വന്നില്ല.

സായന്ത് പി.കെ

# അമ്മ

ജീവിതത്തിൽ നാം എത്ര വഴക്കു പറഞ്ഞാലും നമ്മെ വിട്ടുപിരിയാത്ത ഒരാളെയുള്ളൂ,അതാണ് അമ്മ. ജീവിതത്തിലുടനീളം വീട്ടിൻ നിറദീപം പോൽ ,അമ്മ കത്തി ജ്വലിക്കും.കാലചക്ര-ത്തിൽ ഒരുനാൾ അമ്മകെട്ടുപോയാലും നമ്മുടെ മനസ്സിൻ കെട്ടണിയാത്ത ദൈവദീപമാണമ്മ. ആ നല്ല മനസ്സിന്റെ പ്രാർഥന എന്നും നമ്മുക്ക് കൂടെ ഉണ്ടാവും. ഇന്നത്തെ തലമുറ ,വാർധക്യ എന്ന സ്വാഭാവിക കാലഘട്ടത്തെ ഒരു മോശമായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു. ആയതിനാൽ തന്നെ വൃദ്ധസദനം ഇന്ന് പെരുകികൊണ്ടിരിക്കുന്നു. ബന്ധങ്ങൾ വെറും ചാരങ്ങളാകുന്നു. നമ്മുക്ക് എത്തും സ്വതന്ത്രമായ് പറയാനുള്ള അവകാശം

അമ്മയിലുണ്ട്.അമ്മയ്ക്ക് പകരമായ് ഈ
ലോകത്ത് ആരും തന്നെ ഇല്ല. നമ്മുടെ
കുറവുകൾ കണ്ട് നമ്മെ സ്നേഹിക്കാൻ
നമ്മുടെ അമ്മയ്ക്ക് മാത്രമേ കഴിയൂ.....
ജീവിതത്തിലെ ദുഃഖത്തിലും
സന്തോഷത്തിലും നമ്മുടെ കൈപിടിച്ച് കൂടെ
നടക്കാൻ ഒരെ ഒരാൾ മാത്രം................

അമ്മ.....

**പ്രശ്യ വി.**

# ഒരുമയ്ക്ക് ഫലം അതിജീവനം

കൂട്ടായ്മയുടെയും ഒരുമയുടെയും വിജയം നമ്മുക്കു തുറന്നുകാട്ടപ്പെട്ട് ഇന്നേക്ക് അരക്കൊല്ലം .കാലത്തിന്റെയും ജീവിതത്തിന്റെയും യാത്ര തുടർന്ന് കൊണ്ടേയിരിക്കുന്നു,ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളുമായി. ജീവിതത്തിന്റെയും മരണത്തിന്റെയും ഇടയിൽ നിന്ന് നാം അനുഭവിച്ച കഷ്ടതകൾ ഇന്നും മറയാതെ മനസ്സിൽ നിൽക്കുന്നു. നിരവധി കുടുംബങ്ങളുടെ മേൽ സഹതാപകണ്ണുകൾ ഉയർത്തിയ ആ കാലം കേരളത്തിന്റെ കഷ്ടക്കാലത്തിലേക്ക് കേരളത്തിന് നേരിടേണ്ടി വന്നത് കണ്ണീരും കഷ്ടതകളും നിറഞ്ഞ പേമാരിയായിരുന്നു. പിന്നീടങ്ങോട്ട് കേരളം മുങ്ങിത്താഴുകയായിരുന്നു.പതിവ്പ്പോലെ മഴ പെയ്തു.പക്ഷേ, അത് സാധാരണഗതിയില്ലായിരുന്നില്ല.പതിയെ പതിയെ അത് കേരളത്തെ നടുക്കിയ പേമാരിയായി തീർന്നു.ആർത്തുവിളിച്ചെത്തിയ പേമാരി നമ്മുക്ക് വിതച്ചത് നമ്മെ നടുക്കിയ കാഴ്ച്ചകൾ.സ്വന്തം വീട്ടിൽ നിന്ന് പുറത്തിറങ്ങനാവാതെ നിസ്സഹായ അവസ്ഥയിൽ നിന്ന വീട്ടുകാർ,തങ്ങളുടെ വീടും സ്വത്തും കൺമുന്നിൽ നിന്ന് മാഞ്ഞുമറയുന്നത് കണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റപ്പെട്ട ഒരുപാട് ജീവിതങ്ങൾ,പുസ്തകങ്ങളും പഠനസാമഗ്രികളും നഷ്ടപ്പെട്ട നാളെയുടെ വാഗ്ദാനങ്ങൾ, ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ നടുവിൽ കേരളീയർ. എന്തുക്കൊണ്ട് ഈ പ്രളയം? ...കാരണക്കാർ ആര്? ...അതറിയാത്ത മനുഷ്യൻ ഇല്ല.

വർധിച്ചു വരുന്ന കരിങ്കൽ ക്വാറികൾ, കുന്നിടിക്കൽ, വയൽ നികത്തൽ, മണൽ വാരൽ എന്നിവ നടക്കുന്ന കേരളത്തിൽ ഇതിലും വലിയ ദുരന്തമെന്ത്.വികസനവും പണവും മാത്രം മുന്നിൽ കണ്ട് ജീവിക്കുന്ന മനുഷ്യർ.

ശക്തമായ പേമാരി അത് നമ്മെ വിഴുങ്ങി ഒന്നുമില്ലാത്ത അവസ്ഥയിലെത്തിച്ചു. പാവപ്പെട്ടവരെന്നോ, പണക്കാരെന്നോ വ്യത്യാസമില്ലാതെ ഭൂമി നമ്മെ ശിക്ഷിച്ചു. എന്ത് പറഞ്ഞാലും ഒത്തൊരുമയോടെ ആഘോഷിക്കേണ്ട ഓണക്കാലം ഒത്തൊരുമയോടെ കൊണ്ടാടിയ അതിജീവന പോരാട്ടമായി മാറി.ഒത്തൊരുമയോടെ കേരളീയർ ആ ദുരന്തത്തെ നേരിട്ടു.

അന്ന് മനുഷ്യൻ പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ ഇല്ലായിരുന്നു. എല്ലാവരും സമന്മാരായിരുന്നു.മറ്റുള്ളവരുടെ സങ്കടം കണ്ട് നിരവധി സഹായങ്ങളുമായെത്തിയ ജനങ്ങൾ.നാം എത്ര ദ്രോഹിച്ചിട്ടും നമ്മുടെ ജീവനുവേണ്ടി പോരാടിയ മത്സ്യത്തൊഴിലാളികൾ,നമ്മുടെ ജീവനും സുരക്ഷയ്ക്കും വേണ്ടി പോരാടിയ നാവികസേന,കേരളാ പോലീസ്.വിട്ടുകൊടുക്കില്ല എന്ന ഉറച്ച തീരുമാനത്തോടെ നമ്മുടെ സർക്കാർ.അന്നത്തെ ഒത്തൊരുമ ഇന്നില്ല.കാരണമെന്ത്?...തങ്ങളുടെ ജീവന്,തങ്ങളുടെ സുഖസൗകര്യങ്ങൾക്ക് വേണ്ടി മനുഷ്യൻ ഏതറ്റംവരെ പോകാനും ഏത് തരത്തിലുള്ള അഭിനയം കാഴ്ച്ചവയ്ക്കാനും മടിക്കില്ല. അന്ന് നമ്മെ അവരുടെ ജീവൻ പോലും നൽകി സഹായിച്ച മത്സ്യത്തൊഴിലാളികൾ.എന്നാൽ ഇന്ന് ആലപ്പാടിന്റെ അവസ്ഥയെന്ത്? വറ്റാത്ത കണ്ണീരുമായി അവരുടെ ജീവിതം......

# വായുവിലലിഞ്ഞ ആ വിളി

മിന്നാമിനുങ്ങിനെ പോലെ മിന്നുകയും അണയുകയും ചെയ്യുന്ന സ്ട്രീറ്റ് ലൈറ്റിന്റെ തണലിലൂടെ നടക്കുമ്പോൾ ഭാര്യ പറഞ്ഞ ആ വാക്കു മാത്രമായിരുന്നു രവിയുടെ മനസ്സിൽ. അവന്റെ മനസ്സിൽ, ഒരു ഛായ പതിപ്പിക്കും പോലെ അവളുടെ വാക്കുകൾ മിന്നിമറഞ്ഞു വന്നു. ആ ഓർമ്മയിലേക്ക് ;

സുമ : നിങ്ങളാ തള്ളയെ എവിയെങ്കിലും കൊണ്ടു പോയേ.... എനിക്ക് സഹിക്കാൻ കഴിയണില്ല.

രവി : ഞാനെന്തു ചെയ്യാനാ..

സുമ : ഇല്ലേൽ ഞാൻ എന്റെ വീട്ടിൽ പോകും.എനിക്കുകഴിയില്ല പെണ്ണങ്ങളെ സഹി ക്കാനൊന്നും.

രവി:നാളെ ആലോചിക്കാം.

സുമ : അങ്ങനെ ആകട്ടെ.

-''ഞാനെന്തു ചെയ്യാനാ ആ പെറ്റമ്മയെ ചാടാൻ എനിക്ക് വയ്യ .എന്തുപറയാന പെൺപി-റന്നോത്തി പറയുന്നത് കേൾക്കാനെല്ലെ നമ്മൾ ഭർത്താക്കൻമാരെ സൃഷ്ടിച്ചിരിക്കുന്നത്.''

ആ വെളിച്ചത്തിൽ ഞാൻ വീട്ടിൽ എത്തി.എന്നെത്തെയും പോലെ കലഹം തന്നെ...

മക്കൾ ഓടി വന്ന് ചോദിച്ച : അച്ഛാ പലഹാരം വല്ലതും കൊണ്ടു വന്നോ?

സുമ : ആ പെണ്ണുങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമായൊ?

"പക്ഷെ എന്റെ അമ്മ കഴിയാവുന്നത്ര ശ്രമിച്ചുകൊണ്ട് ചോദിച്ചു,''മോനെ സുഖമുണ്ടോ"? എന്ന് "

ആ വാക്കിൽഞാൻ വീണു പോയി.ഇത്രയും  സ്നേഹമുള്ള എന്റെ അമ്മയെ,ഞാൻ എങ്ങനെ കളയാന എന്നെക്കൊണ്ട് സാധിക്കില്ല.

പക്ഷെ,ഭാര്യ പറഞ്ഞതുകേൾക്കാതെ വെറെ നിവർത്തിയില്ല.

അങ്ങനെ അമ്മയെ പിരിയെണ്ട അടുത്ത പ്രഭാതത്തിനുവേണ്ടി സുമ ഏങ്ങലടിച്ചു. രാവിലെയായി-ഞങ്ങൾ പുറപ്പെട്ടു. ഗുരുവായൂർ ക്ഷേത്രത്തിലേക്കെന്നു പറഞ്ഞ്.ആ നിഷ്-കളങ്കമായ മനസ്സ് പൊന്നുമോന്റെ വാക്കുകൾ വിശ്വസിച്ചു.ഞങ്ങൾ പുറപ്പെട്ടു.നിഷ്കളങ്കമായ ക്ലണിന്റെ അടിയിൽ വിശ്വാസത്തിന്റെ തവളകൾ ഇരുന്നിരുന്നു.

അമ്മയെ വീൽചെയറിൽ ഇരുത്തി.കുറച്ചു സമയം ഒപ്പം നടന്നു.പിന്നെ പിടിവിട്ടു......

അമ്മയല്ല ഞാൻ പാപിയായ ഈ ഞാൻ!അമ്മ ഏങ്ങലടിച്ച് കരഞ്ഞ് പറഞ്ഞു

"മോനെ രവി .........എന്നെ ഒറ്റയ്ക്ക് ആക്കല്ലെടാ....പോകല്ലെ മോനെ...

ആ വിളി കേട്ടു.... പക്ഷെ കേട്ടില്ല.ഞാൻ മാത്രമല്ല സുമയും. എന്തെന്ന് അറയില്ല,ആ മനോ-വികാരത്തിൻ വിഷം തലയിൽ ഒഴിച്ചതുപോലെയുള്ള ഒരു വികാരം....


ഞൻ തെന്നിവീണു...

സുമ : എണീറ്റു വരു

എന്ന് ആജ്ഞാപിച്ച ശേഷം അവൾ നടന്നു.പക്ഷെ എന്റെ അമ്മ വയ്യാത്ത കാലും കൊണ്ട് എന്നെ എഴുന്നെൽപ്പിച്ചു ...കൂടെ "മോനെ ....എന്തെങ്കിലും പറ്റിയോ"എന്നൊരു വിളിയും... ഞാൻ പൊട്ടിക്കരഞ്ഞു....വേദനകൊണ്ടല്ല,ആ വിളികേട്ട്

അന്ന് ഞൻ ഉറപ്പിച്ചു **അമ്മയല്ല സുമയാണ് പോകേണ്ടത്......**

*കാരണം,**വായുവിലലിഞ്ഞ ആ വിളി** അതാണ് എന്നെക്കൊണ്ട് ചെയ്യിച്ചത്.*


Gouri Shankar